**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 5** | **08-08-2023 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. പി. നന്ദകുമാർ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ എം മുകേഷ്</td><td colspan="2">ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്തെ ലൈഫ് ഭവന പദ്ധതിയുടെ ഇതുവരെയുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;</td><td>(എ)</td><td>ഉണ്ട്.<br><br>ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഭാഗമായി 2017 മുതൽ 31.07.2023 വരെ 3,48,026 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 4 ഭവന സമുച്ചയങ്ങളുടെ (174 യൂണിറ്റുകൾ) നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.<br><br>1,17,762 വ്യക്തിഗത ഭവനങ്ങളും 25 ഭവനസമുച്ചയങ്ങളും നിർമ്മാണ പുരോഗതിയിലാണ്. 25 ഭവന സമുച്ചയങ്ങളിലായി 1201 യൂണിറ്റുകൾ ഉണ്ട്.</td></tr>
<tr><td>(ബി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് പദ്ധതി പ്രകാരം ഫ്ലാറ്റ് സമുച്ചയങ്ങൾ എവിടെയെല്ലാമാണ് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്നും അതിനായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്നും അറിയിക്കുമോ;</td><td>(ബി)</td><td>തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിലും, എറണാകുളം ജില്ലയിലെ നെല്ലിക്കുഴി ഗ്രാമപഞ്ചാ യത്തിലും ഭവന സമുച്ചയങ്ങൾ നിമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി സ്ഥലങ്ങളിൽ ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി സ്ഥലം ലഭ്യമായിട്ടുണ്ട്. പൂവച്ചൽ ഭവന സമുച്ചയത്തിൽ 114 യൂണിറ്റുകളും നെല്ലിക്കുഴി ഭവന സമുച്ചയത്തിൽ 24 യൂണിറ്റുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>ലൈഫ് പദ്ധതിയ്ക്കായി ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ;</td><td>(സി)</td><td>ലൈഫ് പദ്ധതിക്കായി 2017-18 മുതൽ 31.07.2023 വരെ ആകെ 13,736.10 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br><br><table><tr><th>നം</th><th>ഇനം</th><th>തുക<br><br>(കോടിയിൽ)</th></tr><tr><td>1</td><td>ലൈഫ് മിഷന്റെ തനത് ശീർക ത്തിൽ നിന്ന്</td><td>2082.46</td></tr><tr><td>2</td><td>പട്ടിക ജാതി, പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ</td><td>906.17</td></tr></table></td></tr>
</table>

<table>
<tr><td></td><td></td><td></td><td>
<table>
<tr><td></td><td>വിഹിതം</td><td></td></tr>
<tr><td>3</td><td>ഫിഷറീസ് വകുപ്പിന്റെ വിഹിതം</td><td>5.28</td></tr>
<tr><td>4</td><td>ഹഡ്കോ ലോൺ</td><td>3958</td></tr>
<tr><td>5</td><td>ബാങ്ക് ലോൺ</td><td>425</td></tr>
<tr><td>6</td><td>ഗ്രാമ നഗര പി.എം.എ വൈ സ്കീമിനു വേണ്ടിയുള്ള സംസ്ഥാന വിഹിതം</td><td>905.10</td></tr>
<tr><td>7</td><td>ഗ്രാമ നഗര പി.എം.എ വൈ സ്കീമിനു വേണ്ടിയുള്ള കേന്ദ്ര വിഹിതം</td><td>2024.65</td></tr>
<tr><td colspan="2">ആകെ</td><td>10306.66</td></tr>
</table>
മേൽ പറഞ്ഞ 10,306.66 കോടി രൂപയ്ക്ക് പുറമെ തദ്ദേശ സ്ഥാപന ങ്ങളുടെ വിഹിതമായും വകുപ്പുകൾ മുഖേനയും 3429.94 കോടി രൂപയും ചേർത്ത് ആകെ 13,736.10 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.
</td></tr>
<tr><td>(ഡി)</td><td>പ്രസ്തുത പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് വീടിന്റെ നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ നേരിടുകയാണെങ്കിൽ അവ ദുരീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?</td><td>(ഡി)</td><td>തടസ്സങ്ങൾ സമയ ബന്ധിതമായി ദൂരീകരിക്കുന്നതിനാവശ്യമായ നടപ ടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുണഭോ ക്താക്കളുടെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ജില്ലാതലത്തിലും പരിഹരിക്കുന്നതിന് സംവിധാനം നിലവിലുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ